**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# വിജ്ഞാപനം

## ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള അവസാന കേന്ദ്രീകൃത അലോട്ട്മെന്റ്-2017 (ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമാണ്)

**05.10.2017** ലെ സർക്കാർ കത്തിലൂടെ സ്വകാര്യ സ്വാശ്രയ ആയുർവേദ, സിദ്ധ, യുനാനി മെഡിക്കൽ കോളേജുകളിലേയ്ക്ക് ഒരു ഓൺലൈൻ അലോട്ട്മെന്റ് കൂടി നടത്തുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 2017-ലെ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള അവസാന ഓൺലൈൻ അലോട്ട്മെന്റ് നടപടിക്രമങ്ങൾ **06.10.2017 (വെള്ളിയാഴ്ച)** ആരംഭിക്കും.

ഈ അലോട്ട്മെന്റിലേയ്ക്ക് പരിഗണിക്കപ്പെടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ <u>www.cee.kerala.gov.in</u> എന്ന വെബ്സൈറ്റിൽ അവരവരുടെ ഹോം പേജിൽ ലഭ്യമാക്കിയിട്ടുള്ള '**Confirm**' ബട്ടൺ ക്ലിക്ക് ചെയ്ത് <u>**ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ**</u> നടത്തേണ്ടതാണ്. ഓൺലൈൻ ഓപ്ഷൻ കൺഫർമേഷനെ തുടർന്ന് നിലവിലുള്ള ഹയർ ഓപ്ഷനുകളുടെ പുന:ക്രമീകരണം, ആവശ്യമില്ലാത്തവ റദ്ദാക്കൽ, പുതുതായി ഉൾപ്പെടുത്തിയ കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ നൽകാനുള്ള സൗകര്യം എന്നിവ **06.10.2017** മുതൽ **08.10.2017** വൈകുന്നേരം **5** മണി വരെ ലഭ്യമാകുന്നതാണ്. **08.10.2017** വൈകുന്നേരം **5** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള അവസാന ഓൺലൈൻ അലോട്ട്മെന്റ് **09.10.2017** ന് പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ്/ബാക്കി തുക **10.10.2017** മുതൽ **13.10.2017** വരെയുള്ള തീയതികളിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ **(SBI)** തിരഞ്ഞെടുത്ത ശാഖകളിലൊന്നിലോ ഓൺലൈൻ പേയ്മെന്റ് മുഖേനയോ ഒടുക്കേണ്ടതാണ്. **SBI** ശാഖകളുടെ ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. ഫീസ്/ബാക്കി തുക അടച്ചതിനു ശേഷം വിദ്യാർത്ഥികൾ അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ **13.10.2017 വൈകുന്നേരം 5 മണി**യ്ക്ക് മുൻപായി പ്രവേശനം നേടേണ്ടതാണ്.

**അലോട്ട്മെന്റ് ഷെഡ്യൂൾ ചുവടെ ചേർക്കുന്നു:**

| | |
|---|---|
| 06.10.2017 | **ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ** നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും, ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും, പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേയ്ക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനും വെബ്സൈറ്റ് സജ്ജമാകുന്നു. |
| 08.10.2017 (5 pm) | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും, റദ്ദ് ചെയ്യുന്നതിനും, രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| **09.10.2017** | **അലോട്ട്മെന്റ് പ്രസിദ്ധീകരണം** |
| 10.10.2017 to 13.10.2017 | അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിശ്ചിത ശാഖകളിലോ ഓൺലൈൻ പേയ്മെന്റ് മുഖാന്തിരമോ ഫീസ്/ ബാക്കി തുക ഒടുക്കിയ ശേഷം അലോട്ട്മെന്റ് ലഭിച്ച കോഴ്സ്/കോളേജിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്. |
| 13.10.2017, 5.30 pm | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് OAMS മുഖേന സമർപ്പിക്കണം. |

<u>മേൽപറഞ്ഞ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനകം ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്താത്തവരെ ഒരു കാരണവശാലും ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി എന്നീ മെഡിക്കൽ കോഴ്സുകളിലേയ്ക്കും, അഗ്രികൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് എന്നീ അനുബന്ധ കോഴ്സുകളിലേയ്ക്കുമുള്ള അവസാന അലോട്ട്മെന്റിനായി പരിഗണിക്കുന്നതല്ല. എന്നാൽ മുൻ ഘട്ടത്തിലെ അലോട്ട്മെന്റ് പ്രകാരം കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ നിലവിലുള്ള അലോട്ട്മെന്റ് നിലനിൽക്കുന്നതാണ്.</u>

<u>**മുൻ ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച് കോളേജുകളിൽ പ്രവേശനം നേടിയിട്ടുള്ളവർ ഈ അലോട്ട്മെന്റിൽ പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തേണ്ടതാണ്. മുൻ ഘട്ടങ്ങളിൽ അലോട്ട്മെന്റൊന്നും ലഭിക്കാത്തവരും ഈ അലോട്ട്മെന്റിനായി പരിഗണിക്കപ്പെടണമെങ്കിൽ ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നിർബന്ധമായും നടത്തേണ്ടതാണ്.**</u>

ഈ ഘട്ടത്തിൽ താഴെപറയുന്ന കോളേജുകളിലേയ്ക്ക് പുതുതായി ഓപ്ഷനുകൾ നൽകാവുന്നതാണ്.

| Sl. No | College Code | Name of College |
|---|---|---|
| **എയ്ഡഡ് ഹോമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | | |
| 1 | **KTH*** | Athurasramam NSS Homoeopathic Medical College, Sachivothamapuram P O, Kottayam |
| 2 | **NEH** | Sree Vidhyadhiraja Homoeopathic Medical College, Nemom, Thiruvananthapuram |

***** ഈ കോളേജിലേയ്ക്കുള്ള അലോട്ട്മെന്റ് **29532/2017** നം. റിട്ട് പെറ്റിഷനിന്മേലുള്ള ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിയ്ക്ക് വിധേയമായിരിക്കും.

<u>**ഫീസ് നിരക്ക്:**</u>

| | | |
|---|---|---|
| **ഹോമിയോപ്പതി (BHMS)** | **എയ്ഡഡ് ഹേമിയോപ്പതിക് മെഡിക്കൽ കോളേജുകൾ** | **Rs.2,087/-** |

**ടോക്കൺ ഡെപ്പോസിറ്റ്**

അലോട്ട്മെന്റ് ലഭിക്കുന്ന എസ്.സി./എസ്.റ്റി./ഒ.ഇ.സി. എന്നീ വിഭാഗങ്ങളിലെ വിദ്യാർത്ഥികളും, സർക്കാർ ഉത്തരവ് നം. (എം.എസ്.)25/2005/SCSTDD, തീയതി: 20.06.2005 അനുസരിച്ച് ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും **1000/- രൂപ** അടച്ച് അലോട്ട്മെന്റ് അംഗീകരിക്കുന്നു എന്ന് ഉറപ്പാക്കേണ്ടതാണ്.

കുറിപ്പ്: ഈ അലോട്ട്മെന്റ് സ്വകാര്യ സ്വാശ്രയ ആയുർവേദ/സിദ്ധ/യൂനാനി മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റാണ്. ആയതിനാൽ ഈ ഘട്ടത്തിൽ പ്രസ്തുത കോളേജുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം വിദ്യാർത്ഥികൾ അതത് കോളേജുകളിൽ **2017 ഒക്ടോബർ 13–ാം** തീയതി വൈകുന്നേരം **5** മണിയ്ക്കുള്ളിൽ നിർബന്ധമായും അഡ്മിഷൻ നേടിയിരിക്കേണ്ടതും പ്രസ്തുത കോളേജിൽ പഠനം തുടരേണ്ടതുമാണ്. അല്ലാത്ത പക്ഷം പ്രോസ്പെക്ടസ് ക്ലോസുകൾ 12.2.4. (a) (i) അല്ലെങ്കിൽ 12.2.4. (c) പ്രകാരമുള്ള പിഴ ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ ഇവർ പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടച്ച ഫീസ് പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം തിരികെ ലഭിക്കാൻ അർഹരായിരിക്കില്ല.

**എം.ബി.ബി.എസ്/ബി.ഡി.എസ്/എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ നിന്ന് വിടുതൽ നേടുമ്പോൾ ഒടുക്കേണ്ടുന്ന ലിക്വിഡേറ്റഡ് ഡാമേജസ് സംബന്ധിച്ച്**

1. **എം.ബി.ബി.എസ്/ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോഴ്സിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a)(iii)/ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനുശേഷം മാത്രമേ അവർക്ക് മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം ഇവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
2. **സർക്കാർ/എയ്ഡഡ്/സർക്കാർ നിയന്ത്രിത സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം പ്രോസ്പെക്ടസ് ക്ലോസ് 12.2.4(a)(i)/ ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് നൽകിയതിനു ശേഷം മാത്രമേ അവർക്ക് മറ്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് പുതിയ അലോട്ട്മെന്റ് സ്വീകരിക്കാൻ കഴിയുകയുള്ളൂ. കൂടാതെ പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം ഇവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
3. **കേരള കാത്തലിക് എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷനു കീഴിൽ വരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം അലോട്ട്മെന്റ് സ്വീകരിക്കുന്നതിന് GO(Ms) No. 166/2017/H.Edn. Dated: 22.06.2017 എന്ന സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ ബാധകമായിരിക്കും.**
4. **മറ്റ് സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്ക് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്ക് അലോട്ട്മെന്റ് ലഭിക്കുന്നപക്ഷം വിടുതൽ സർട്ടിഫിക്കറ്റും മറ്റു രേഖകളും നേടുന്നതിന് GO(Ms) No.170/2017/H.Edn. Dated: 23.06.2017, GO(Ms) No.169/2017/H.Edn. Dated: 23.06.2017 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കേണ്ടതില്ല. എന്നാൽ ഇവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**
5. **സർക്കാർ/സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത കോളേജുകളിൽ നിന്ന് വിടുതൽ നേടുന്ന പക്ഷം ഫാർമസി കോഴ്സുകളിലെ പ്രവേശനത്തിനുള്ള പ്രോസ്പെക്ടസ് ക്ലോസ് 12.2.4 (a) പ്രകാരമുള്ള ലിക്വിഡേറ്റഡ് ഡാമേജസ് ഒടുക്കാൻ ബാധ്യസ്ഥരായിരിക്കും. കൂടാതെ പ്രോസ്പെക്ടസ് ക്ലോസ് 12.2.3 പ്രകാരം ഇവർക്ക് അടച്ച ഫീസ് തിരികെ ലഭിക്കാൻ അർഹതയില്ല.**

**പ്രത്യേക ശ്രദ്ധയ്ക്ക്: ഈ അലോട്ട്മെന്റ് മെഡിക്കൽ/അനുബന്ധ കോഴ്സുകളിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടുമെന്നും പഠനം തുടരുമെന്നും ഉറപ്പുള്ള കോളേജുകൾ മാത്രം ഹയർ ഓപ്ഷനുകളായി നിലനിർത്താൻ വിദ്യാർത്ഥികൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.**

ഹെൽപ്പ് ലൈൻ നമ്പരുകൾ: 0471 2339101, 2339102, 2339103, 2339104.

തിരുവനന്തപുരം

05.10.2017

MS Faye

**പ്രവേശന പരീക്ഷാ കമ്മീഷണർ**